# ഡോ.എം എസ് സ്വാമിനാഥൻ

# A Tribute from an Admirer

**എസ് എം വിജയാനന്ദ്**
(മുൻ ചീഫ് സെക്രട്ടറി)

ഭക്ഷ്യോത്പാദനത്തിലെ പ്രതിസന്ധിയെക്കുറിച്ചും രാജ്യം നേരിടാൻ പോകുന്ന വെല്ലുവിളികളെക്കുറിച്ചും വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ എനിക്ക് ഏറെ ആശങ്കയുണ്ടായിരുന്നു. യു എസിൽ നിന്നുള്ള ഭക്ഷ്യ സഹായത്തെ ആശ്രയിക്കുന്നത് വർദ്ധിച്ചുവരികയായിരുന്നു. ഇന്ത്യ ഭിക്ഷാപാത്രവുമായി നിൽക്കുന്നതായിരുന്നു മിക്ക കാർട്ടൂണുകളും. പൊതുവിതരണ സംവിധാനം മികച്ചതായിരുന്നെങ്കിലും വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം മോശമായിരുന്നു. ഭക്ഷണം കഴിച്ചശേഷം ദുർഗന്ധം കാരണം കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകേണ്ട അവസ്ഥ, ഏറെ നിരാശാജനകമായിരുന്നു സാഹചര്യം.

ഈ സാഹചര്യത്തിലാണ് ഡോ. എം എസ് സ്വാമിനാഥൻ തന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. മാർഗ്ഗം വളരെ ബുദ്ധിമുട്ടുള്ളതായിരുന്നെങ്കിലും വ്യക്തമായ ലക്ഷ്യം ഉള്ളതിനാൽ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ അദ്ദേഹത്തിന് ഫലപ്രാപ്തിയിലെത്താൻ സാധ്യമായി എന്നതാണ് സവിശേഷത. അക്കാലത്തെ ആസൂത്രണ വൈദഗ്ധ്യത്തെയും പ്രശംസിച്ചേ മതിയാകൂ. ജലസേചന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മികച്ച ഒരു വിജ്ഞാനവ്യാപന ശൃംഖല കെട്ടിപ്പടുക്കുന്നതിനും ഭരണകൂടത്തിന് കഴിഞ്ഞു. അടിസ്ഥാനപരമായി തെളിയിക്കപ്പെട്ട വികസന ആശയം ജനങ്ങളിൽ എത്തിക്കുന്നതിനും, അവ അംഗീകരിക്കുവാൻ അവരെ പ്രാപ്തരാക്കുന്നതിനും ഇടപെടലുകൾക്കായി. തീർച്ചയായും ഒരു വ്യക്തിക്ക് ഒറ്റയ്ക്ക് നിർവ്വഹിക്കാൻ പറ്റുന്നതല്ല ഈ ദൗത്യം, അവിടെയാണ് സ്വാമിനാഥന്റെ കർഷക സമൂഹത്തോടുള്ള പ്രതിബദ്ധത നാം മനസ്സിലാക്കേണ്ടത്. തന്റെ പ്രവർത്തനങ്ങൾക്കായി ഒരു ടീമിനെ കെട്ടിപ്പടുക്കുന്നതിനും സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലുന്നതിനും അദ്ദേഹത്തിന് സാധ്യമായി എന്നതാണ് ആ വിജയം. കൃഷി ഒരു സംസ്ഥാന വിഷയമാണെന്നിരിക്കെ, ICAR ഉൾപ്പെടെയുള്ള മറ്റു കേന്ദ്ര സ്ഥാപനങ്ങളുടെ ഇടപെടലുകൾ ഉപയോഗിച്ച് അദ്ദേഹം വിവിധ സമൂഹങ്ങളെ സമീപിക്കുകയും പുതിയ സാങ്കേതിക വിദ്യകളും പ്രവർത്തന പാക്കേജും അംഗീകരിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. ഒരു പുതിയ നയം നടപ്പിലാക്കുന്നതിന് ഭരണകൂടത്തിന്റെയും നേതാക്കളുടെയും വിശ്വാസ്യതയാർജ്ജിക്കുക എന്നത് വളരെ എളുപ്പമുള്ള കാര്യമല്ല. ശ്രീ. സി സുബ്രഹ്മണ്യത്തെപ്പോലുള്ളവർ ഇത്തരം ദൗത്യങ്ങൾ വിജയിപ്പിക്കുന്നതിൽ സമർത്ഥനായിരുന്നു. ഡോ. സ്വാമിനാഥനും ഇതുതന്നെയാണ് നടപ്പിലാക്കിയത്. അദ്ദേഹത്തിന്റെ ആശയങ്ങൾക്ക് പ്രാഥമിക പരിഗണന നൽകുന്നതിന് വേണ്ട നയപരമായ തീരുമാനങ്ങൾ എടുപ്പിക്കുന്നതിലും അദ്ദേഹത്തിന് വിജയിക്കാനായി.

ഹരിതവിപ്ലവത്തിന്റെ ദൂഷ്യഫലങ്ങളെ വിമർശിക്കുവാൻ വളരെ എളുപ്പമാണ്. പക്ഷേ ആ ഘട്ടത്തിൽ, രാജ്യത്തിന് അത് അനിവാര്യമായിരുന്നു. എന്നാൽ പിന്നീട് അദ്ദേഹം തന്നെ അത് മനസ്സിലാക്കുകയും പരിസ്ഥിതിക്ക് ഇണങ്ങിയ ഒരു നിത്യഹരിത വിപ്ലവമാണ് നമുക്ക് ആവശ്യമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കർഷകന്റെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുവാനും, മണ്ണിന്റെ ആരോഗ്യവും ഭക്ഷണ വൈവിധ്യവും വീണ്ടെടുക്കുവാനും സുസ്ഥിരകൃഷി എന്ന അജണ്ട മുന്നോട്ടുണ്ടുപോകാനുമുള്ള ദൗത്യമാണ് ഡോ. എം എസ് സ്വാമിനാഥൻ നമ്മെ ഏൽപ്പിച്ചിട്ടുള്ളത്. കാർഷിക ഗവേഷണം ജനങ്ങളാലും ജനങ്ങൾക്ക് വേണ്ടിയുള്ളതും ആകണം. അങ്ങനെ അത് ജനങ്ങളുടേതായി മാറണം. ('For the people and by the people', So that it can become 'Of the people.')

# ഇതിഹാസതുല്യം പ്രൊഫ. എം എസ് സ്വാമിനാഥൻ

**ഡോ. കൃഷ്ണ കുമാർ** (മുൻ റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ)

"രാജ്യത്ത് ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഒരു കാലയളവിൽ വൈവിധ്യമാർന്ന കാർഷിക കാലാവസ്ഥയും സാമൂഹിക സാമ്പത്തിക പശ്ചാത്തലവുമുള്ള ഇന്ത്യ, ശക്തമായ രാഷ്ട്രീയ ഇച്ഛാശക്തിയാലും, ആശ്രാന്തമായ പരിശ്രമത്താലും ഭക്ഷ്യ പ്രതിസന്ധിയിൽ നിന്നും കരകയറുകയും, പിന്നീട് ഭക്ഷ്യസ്വയം പര്യാപ്തതയിലെത്തുകയും മാത്രമല്ല, ഭക്ഷ്യ ധാന്യങ്ങളുടെ കയറ്റുമതിക്കാരുമായി. ഇന്ത്യയിലെ ഹരിതവിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന പ്രൊഫ. എം എസ് സ്വാമിനാഥനാണ് ഈ നേട്ടത്തിന്റെ മുഖ്യശില്പി എന്നതിൽ സംശയമില്ല. കർഷക സമൂഹത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത കണക്കിലെടുത്ത് പ്രധാനമന്ത്രി പോലും അദ്ദേഹത്തെ കിസാൻ വൈജ്ഞാനിക് എന്നായിരുന്നു വിശേഷിപ്പിച്ചത്.

ഡോ സ്വാമിനാഥനുമായി അടുത്തിടപഴകുവാൻ ലഭിച്ച ചില സുവർണ്ണ നിമിഷങ്ങൾ ഇപ്പോഴും ഞാൻ അനുസ്മരിക്കുന്നു. 2001 ൽ കേരളത്തിലെ കാർഷിക മേഖലയിലെ ലോക വ്യാപാര കരാറുകളെക്കുറിച്ചുള്ള ആശങ്കകൾ അദ്ദേഹവുമായി പങ്കുവയ്ക്കുവാൻ അവസരം ലഭിക്കുകയുണ്ടായി. കൂടാതെ നമ്മുടെ പ്രധാന വാണിജ്യവിളയായ റബ്ബറിനെ കുറിച്ചുള്ള ചില വിവരങ്ങൾ റബ്ബർ ബോർഡിനുവേണ്ടിയും, കുട്ടനാട് വികസന പദ്ധതിയെ കുറിച്ചുള്ള ചില ആശയങ്ങളും പങ്കുവയ്ക്കുവാൻ സാഹചര്യമുണ്ടായതും ഞാൻ ഓർക്കുന്നു. കാർഷിക വിദ്യാർത്ഥിയായിരുന്നപ്പോൾ അധ്യാപകരിൽ നിന്നും അദ്ദേഹത്തെക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ട്. പ്രൊഫസറുടെ പ്രസംഗ വൈദഗ്ധ്യം എടുത്തു പറയേണ്ട സവിശേഷതയാണ്. കൃഷിയിലും അനുബന്ധ വിഷയങ്ങളിലുമുള്ള ആഴത്തിലുള്ള അറിവ്, സാങ്കേതിക കാര്യങ്ങളിലും നയപരമായ വിഷയങ്ങളിലുമുള്ള ജ്ഞാനം, ആകർഷണീയവും മനോഹാരിതവുമായ ആശയവിനിമയ വൈദഗ്ധ്യം എന്നിവ ആൾക്കൂട്ടത്തെ എപ്പോഴും ആകർഷിച്ചിരുന്നു.

സുസ്ഥിരവികസനം എന്നത് അദ്ദേഹത്തിന്റെ ഒരു പ്രധാന കാഴ്ചപ്പാടായിരുന്നു. ജൈവവൈവിധ്യ സംരക്ഷണം, വിത്തിന്മേലുള്ള കർഷകരുടെ അവകാശം തുടങ്ങിയവ അദ്ദേഹം പലപ്പോഴും പല വേദികളിലും ഉന്നയിച്ചിട്ടുണ്ട്.വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തെക്കുറിച്ചും അദ്ദേഹം പറയാറുണ്ട്. അദ്ദേഹത്തിന്റെ വിയോഗം ലോകത്തിനു തന്നെ ഒരു നഷ്ടമാണ്. പതിറ്റാണ്ടുകൾ അദ്ദേഹത്തിന്റെ സ്മരണകൾ കാർഷിക ലോകത്ത് നിലനിൽക്കുക തന്നെ ചെയ്യും."

**ഡോ. പി ഇന്ദിരാദേവി**
ICAR എമിറൈറ്റ്സ് പ്രൊഫസർ, KAU

ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് എന്ന നിലയ്ക്കാണ് ഡോ. മങ്കൊമ്പ് സാംബശിവൻ സ്വാമിനാഥൻ പരക്കെ അറിയപ്പെടുന്നത്. എന്നാൽ സമകാലിക കാർഷിക വ്യവസ്ഥിതിക്കനുസൃതമായ നയ സമീപനങ്ങൾ നിർദ്ദേശിച്ച ഒരു കാർഷിക വിദഗ്ധൻ എന്ന നിലയിലാണ് അദ്ദേഹത്തെ കാണേണ്ടതെന്നു പലപ്പോഴും തോന്നിയിട്ടുണ്ട്.

ഹരിതവിപ്ലവ സാങ്കേതിക വിദ്യകളുടെ പരിണിതഫലമെന്നോണം സംഭവിച്ച പരിസ്ഥിതി നാശത്തിന്റെ പശ്ചാത്തലത്തിൽ നിത്യഹരിത വിപ്ലവമെന്ന സുസ്ഥിര വികസന സമീപനം ഉയർത്തിപ്പിടിക്കുകയുണ്ടായി അദ്ദേഹം. കർഷകന്റെ വരുമാനം മെച്ചപ്പെടുമെങ്കിൽ മാത്രമേ കാർഷിക വികസനം സാധ്യമാകൂ എന്നത് മനസ്സിലാക്കിക്കൊണ്ടാണ് 2004 ൽ ഡോ. സ്വാമിനാഥൻ Chairman ആയി രൂപീകരിച്ച National Commission on Farmers നൽകിയ ശുപാർശകൾ. നിലവിലെ സാഹചര്യത്തിൽ 40 ശതമാനം കർഷകരും കാർഷികരംഗത്തുനിന്നും മാറിപ്പോകാൻ ആഗ്രഹിക്കുന്നു എന്ന മുന്നറിയിപ്പ് നൽകുകയും ഉല്പാദനച്ചിലവിന്റെ 150 ശതമാനം താങ്ങുവില നൽകി കർഷകരുടെ വരുമാനം ഉറപ്പാക്കണമെന്നുമുള്ള ശുപാർശ നൽകുകയും ചെയ്യുകയുണ്ടായി, കമ്മീഷൻ. പാർലിമെന്റ് മെമ്പർ ആയിരിക്കെ, വനിതാ കർഷക അവകാശങ്ങളും ക്ഷേമവും എന്ന ലക്ഷ്യത്തോടെ അവതരിപ്പിച്ച വനിതാ കർഷക ബിൽ ശ്രദ്ധേയമായിരുന്നു. ഭരണരംഗത്തു സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കിയ സാഹചര്യത്തിൽ നിന്നുകൊണ്ട് വീക്ഷിക്കുമ്പോൾ, വർഷങ്ങൾക്കുമുന്നെ വനിതകർഷകരുടെ ഭൂവുടമസ്ഥതക്കുവേണ്ടി ശബ്ദമുയർത്തിയ അദ്ദേഹത്തിന്റെ ദീർഘദർശനം നമുക്ക് കാണാനാവും. കുട്ടനാടിന്റെ സമഗ്രവികസനം സ്വപ്നം കണ്ടു രൂപം നൽകിയ കുട്ടനാട് വികസന പദ്ധതി നാം അതിന്റെ പൂർണ്ണതയിൽ നടപ്പാക്കുമ്പോൾ അദ്ദേഹത്തിനുള്ള നിത്യസ്മാരകമായി അത് മാറും.